# *പിള്ളത്തൊട്ടിൽ*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു,* ***D.Sc.,Ph.D.****)*

**അച്ഛന്റെ പതിനാറാം**
**അടിയന്തിരസദ്യയ്ക്കു പിന്നെ**
**അവന്റെ അമ്മ**
**വെളുത്ത കൈലേസിന്റെ**
**ചുളിഞ്ഞ കോണുകളിൽ**
**പച്ചനൂൽകൊണ്ട്**
**ചിനക്കി ചിനക്കി**
**പനന്തത്തയെ**
**വരയാൻ തുടങ്ങി –**
**ലിപ്സ്റ്റിക്ക് ഉണങ്ങാൻ കാക്കാത്ത**
**തത്തയുടെ ചുവന്ന ചുണ്ടുകൾ**
**തുന്നിച്ചേർത്തു:**
**ഒന്നുമറിയാതെ**
**മുലക്കുപ്പി നുകർന്ന്**
**യാന്ത്രികമായ്**
**ഘടികാരത്തിന്റെ**
**സക്കൻഡ് സൂചിയുടെ**
**ടിക് ടിക് വെടികൾക്കായ്**
**കാതോർത്ത അവൻ,**
**വരണ്ട നൂലിൽ**
**ചില്ലുപൊടി തേച്ച്,**
**തെന്നിപ്പറക്കുന്ന പട്ടങ്ങളുടെ**
**വാലറ്റം മുറിക്കുന്ന വിദ്യയോർമ്മിച്ച്**
**വളരാനുള്ള വിദ്യ ഉപാസിച്ചു കിടന്നു!**
*********************************************